**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 695 02.11.2011- ൽ മറുപടിക്ക്**

**സമയോചിതമായി പ്രതികരിക്കുന്നതിന് ശക്തരാക്കാൻ കർമ്മപരിപാടികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഐ.സി ബാലകൃഷ്ണൻ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. എം.പി വിൻസെന്റ്**<br>**ശ്രീ. വി.റ്റി ബൽറാം** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | ദുരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) | ദുരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ കാലവർഷ കാലത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഭരണകർത്താക്കൾ, പൊതുജനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയെ അടിയന്തിര നടപടികളിലൂടെ സമയോചിതമായി പ്രതികരിപ്പിക്കുന്നതിന് ശക്തരാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (ബി) | ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും വിവിധ തരത്തിലുള്ള കപ്പാസിറ്റി ബിൽഡിംഗ് പരിപാടികൾ നടപ്പിലാക്കി വരുന്നു. യു.എൻ.ഡി.പി യുടെ സഹായത്തോടെ തിരഞ്ഞെടുത്ത ജില്ലകളിൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രോഗ്രാമുകളും, കോർപ്പറേഷനുകളിൽ നഗര ദുരന്ത ലഘൂകരണ പദ്ധതികളും നടപ്പിലാക്കി വരുന്നു. പതിമൂന്നാം ധനകാര്യകമ്മീഷന്റെയും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ധന സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | ഇതിന് ഫലപ്രദമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ? | (സി) | ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് ലാന്റ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം), യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി) എന്നീ സ്ഥാപനങ്ങൾ വഴി എല്ലാ വിഭാഗം ജനങ്ങൾക്കും ദുരന്ത നിവാരണ പരിശീലനങ്ങൾ നൽകി വരുന്നു. ഇതിനു പുറമെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് (എൻ.ഐ.ഡി.എം) വഴി ഉദ്യോഗസ്ഥർക്ക് ആധുനിക സാങ്കേതിക കാര്യങ്ങൾ ഉൾപ്പെടുന്ന പരിശീലനങ്ങളും നൽകി വരുന്നുണ്ട്. ഭൗമശാസ്ത്രപഠനകേന്ദ്രം, സി.ഡബ്ല്യൂ.ആർ.ഡി.എം, ദേശീയ ദുരന്ത നിവാരണ അതോറിറ്റി, സർവ്വകലാശാലകൾ മറ്റു വിദഗ്ദ്ധ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**